**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2600** **13-02-2024 - ൽ മറുപടിയ്ക്ക്**

**റീ ബിൽഡ് കേരള പദ്ധതിയ്ക്കായി ഉൾപ്പെടുത്തിയിരുന്ന പദ്ധതി വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | റീ ബിൽഡ് കേരളയ്ക്കായി 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പദ്ധതി വിഹിതം എത്രയാണ്; ഇതിൽ കേന്ദ്ര സഹായം എത്രയാണ്; സംസ്ഥാനവിഹിതം എത്രയാണ്; ഇതിൽ ചെലവഴിച്ച തുക എത്ര; വകയിരുത്തിയ തുകയുടെ എത്ര ശതമാനമാണ് ചെലവഴിച്ചത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (എ) | റീബിൽഡ് കേരളയ്ക്കായി 2022-23 വാർഷിക പദ്ധതിയിൽ 1600 കോടി രൂപ ബജറ്റ് വിഹിതവും ഭരണപരമായ ചെലവുകൾക്ക് അധികധനാനുമതി മുഖേന 3.5 കോടി രൂപയും അനുവദിച്ചിരുന്നു. 2022-23 ലെ അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം 1437.18 കോടി രൂപ ചെലവഴിച്ചു. ഇത് അനുവദിച്ച തുകയുടെ 89.63% ആണ്. റീ ബിൽഡ് കേരള പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയല്ല. ലോക ബാങ്ക്, ജർമ്മൻ ബാങ്ക് എന്നീ ഏജൻസികളുടെ സഹായമാണ് നിലവിൽ ഈ പദ്ധതിക്ക് ലഭ്യമായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ